LIBRARY ARCHIVES Kerala Legislative Assembly

കൊട്ടാക്കര താലൂക്ക് ആശുപത്രി - മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണം

86 (778) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാക്കര താലൂക്ക് ആശുപത്രി മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണത്തിൽ ഉണ്ടായതായി പറയുന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കണ്ടെത്തിയ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അപാകതകൾ പരിഹരിക്കുന്നതിനായി കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കൊട്ടാക്കര താലൂക്ക് ആശുപത്രി മെറ്റേണിറ്റി ബ്ലോക്ക് നിർമ്മാണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടില്ല.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സ്കാനിംഗ് മെഷീനുകൾ

87 (779) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി എത്ര എം.ആർ.ഐ. സ്കാനിംഗുകളും സി.ടി. സ്കാനിംഗുകളും നടത്തിവരുന്നു ;

(ബി) എത്ര എം.ആർ.ഐ. സ്കാനിംഗ് മെഷീനുകളും സി.ടി. സ്കാനിംഗ് മെഷീനുകളും പ്രവർത്തനക്ഷമമായിട്ടുണ്ട് ;

(സി) സ്കാൻ പരിശോധനകൾക്ക് വളരെയേറെ കാലതാമസം നേരിടുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കൂടുതൽ സ്കാനിംഗ് മെഷീനുകളും സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ഒരു വർഷം ശരാശരി 7500 എം.ആർ.ഐ. സ്കാനിംഗുകളും 35000 സി.ടി. സ്കാനിംഗുകളും നടത്തിവരുന്നു.

(ബി) എം.ആർ.ഐ. മെഷീൻ - 1 (ഒന്ന്)

സി.ടി. സ്കാനറുകൾ

16 സ്ലൈസ് (16 slice) - 1 (ഒന്ന്)

സിംഗിൾ സ്ലൈസ് (single slice) - 1 (ഒന്ന്)

(സി) ഉണ്ട്.

(ഡി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു 64 സ്ലൈസ് സി.ടി. സ്കാനർ കൂടി വാങ്ങുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

കൗൺസലിംഗ് തെറാപിസ്റ്റിന്റെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുവാൻ നടപടി

88 (780) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മാനസികരോഗാശുപത്രിയിൽ ഇപ്പോൾ കൗൺസലിംഗ് തെറാപിസ്റ്റിന്റെ വേക്കൻസി നിലവിലുണ്ടോ ; എങ്കിൽ ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(ബി) ഡി.എം.ഇ., ഡി.എച്ച്.എസ്. എന്നിവിടങ്ങളിൽ കൗൺസലിംഗ് തെറാപിസ്റ്റിന്റെ സേവന വേതന വ്യവസ്ഥകളിൽ ഉള്ള ഡിസ്പാരിറ്റി ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly